REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കോഴിക്കോട് മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിൽ പുക പടർന്ന സംഭവം ദൗർഭാഗ്യകരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മന്ത്രി വീണാ ജോർജ് കോഴിക്കോട്ടെത്തി സ്ഥിതി വിലയിരുത്തുന്നു.**
- **കുടുംബശ്രീയുടെ ദേശീയ സരസ് മേളയും 'എന്റെ കേരളം' പ്രദർശന-വിപണന മേളയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും.**
- **ആദ്യ ദേശീയ മാധ്യസ്ഥ സമ്മേളനം ഇന്ന് ഡൽഹിയിൽ ആരംഭിക്കും.**
- **IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

കോഴിക്കോട് മെഡിക്കൽ കോളജിലെ സംഭവം ദൗർഭാഗ്യകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇത് സംഭവിക്കാൻ പാടില്ലാത്തതാണെന്നും മന്ത്രി വീണാ ജോർജിന്റെ സന്ദർശനത്തിന് ശേഷം കൂടുതൽ പ്രതികരിക്കാമെന്നും മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളജിൽ അത്യാഹിത വിഭാഗത്തിൽ പുകയുയർന്ന സംഭവത്തിൽ മന്ത്രി വീണാ ജോർജ് സ്ഥിതി വിലയിരുത്തുന്നു. അല്പം മുൻപാണ് മന്ത്രി മെഡിക്കൽ കോളേജിൽ എത്തിയത്. മെഡിക്കൽ കോളജിൽ ചികിത്സയിൽ ഉണ്ടായിരുന്ന 114 രോഗികളെ ബീച്ച് ആശുപത്രിയടക്കം

ആരോഗ്യ കേന്ദ്രങ്ങളിലേക്ക് മാറ്റിയിരുന്നു. അതിനിടെ മെഡിക്കൽ കോളജിലെ പഴയ അത്യാഹിത വിഭാഗം യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കാൻ അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിലെ UPS റൂമിൽ നിന്നും പുക പടർന്ന സമയത്ത് മരിച്ച മൂന്ന് പേരുടെ പോസ്റ്റ്മോർട്ടം നടപടികൾ പുരോഗമിക്കുന്നു. സംഭവത്തിൽ മെഡിക്കൽ കോളെജ് പോലീസ് കേസെടുത്തിട്ടുണ്ട്. സംഭവസമയത്ത് മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചിരുന്ന മൂന്ന് പേരാണ് മരിച്ചത്. പുക ശ്വസിച്ചാണോ ഇവരുടെ മരണം ഉണ്ടായതെന്ന് പോസ്റ്റ് മോർട്ടത്തിൽ വ്യക്തമാകും. അത്യാഹിത വിഭാഗത്തിൽ ഉണ്ടായിരുന്ന രോഗികളെ യഥാസമയം സുരക്ഷിത ഇടങ്ങളിലേക്ക് മാറ്റിയതിനാൽ വലിയ അപകടം ഒഴിവായി. സംഭവത്തിൽ വകുപ്പ് തല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗം താൽകാലികമായി കോഴിക്കോട് ബീച്ച് ആശുപത്രിയിലാണ് പ്രവർത്തിക്കുന്നത്.

✪✪✪

കുടുംബശ്രീയുടെ 12-ാമത് ദേശീയ സരസ് മേളയും സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായ 'എന്റെ കേരളം' പ്രദർശന-വിപണന മേളയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് കോഴിക്കോട് ബീച്ചിൽ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ചടങ്ങിന് മുന്നാടിയായി വൈകീട്ട് മാനാഞ്ചിറ BEM സ്കൂളിൽനിന്ന് ബീച്ചിലേക്ക് ഘോഷയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. ഉച്ചയ്ക്കു ശേഷം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

പത്തു ദിവസത്തെ മേളയിൽ കലാ-സാംസ്കാരിക പരിപാടികളും, സെമിനാറുകളും ഉണ്ടാകും.

✪✪✪

കുടുംബശ്രീയുടെ സംസ്ഥാനതല കലോത്സവം സർഗ്ഗോത്സവം 'അരങ്ങ് 2025' ന്റെ ഭാഗമായി എറണാകുളം ജില്ല ബ്ലോക്ക് തല മത്സരങ്ങൾക്ക് തുടക്കമായി. പറവൂർ, വൈപ്പിൻ, വാഴക്കുളം, അങ്കമാലി, കൂവപ്പടി, കോതമംഗലം ബ്ലോക്കുകളിലാണ് മത്സരം ആരംഭിച്ചത്.

✪✪✪

ആദ്യ ദേശീയ മാധ്യസ്ഥ സമ്മേളനം രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, ജസ്റ്റിസ് സഞ്ജീവ് ഖന്ന, കേന്ദ്ര മന്ത്രി അർജുൻ റാം മേഘ്‌വാൾ എന്നിവരും

സമ്മേളനത്തെ അഭിസംബോധന ചെയ്യും. നിയമ-നീതിന്യായ മന്ത്രാലയവുമായി സഹകരിച്ച് ഇന്ത്യൻ അറ്റോർണി ജനറലിന്റെ ഓഫീസാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

മുംബൈയിൽ വേവ്സ് ഉച്ചകോടിയുടെ ഭാഗമായി ചേരുന്ന കമ്യൂണിറ്റി റേഡിയോ ദേശീയ സമ്മേളനം ഈ മേഖലയിലെ പുതിയ പ്രവണതകളും, നയങ്ങളും, പരിപാടികളും അവലോകനം ചെയ്യും. പ്രാദേശിക സമൂഹത്തിൽ കൂടുതൽ ഫലപ്രദമായ ഇടപെടലിനും, ശാക്തീകരണത്തിനും ആവശ്യമായ നടപടികൾ യോഗത്തിൽ നിന്ന് ഉരുത്തിരിയുമെന്നാണ് പ്രതീക്ഷ. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷനുമായി സഹകരിച്ചാണ് ദേശീയ സമ്മേളനം നടത്തുന്നത്.

✪✪✪

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തിയ അംഗോള പ്രസിഡന്റ് ജോവോ മാനുവൽ ഗോൺസാൽവസ് ലോറെൻകോയ്ക്ക് രാവിലെ രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും അദ്ദേഹത്തെ സ്വാഗതം ചെയ്തു. 38 വർഷങ്ങൾക്ക് ശേഷമാണ് ഒരു അംഗോള പ്രസിഡന്റ് ഇന്ത്യ സന്ദർശിക്കുന്നത്. വിവിധ മേഖലകളിലെ ഉഭയകക്ഷി സഹകരണം വർദ്ധിപ്പിക്കുന്നതിന് ഇരു രാജ്യങ്ങളും തമ്മിൽ കരാറുകളിൽ ഒപ്പുവെക്കുമെന്നാണ് പ്രതീക്ഷ.

ഉന്നതതല പ്രതിനിധി സംഘവും അംഗോള പ്രസിഡന്റിനൊപ്പമുണ്ട്.

✪✪✪

ഗോവയിലെ ഷിർഗാവിൽ പുലർച്ചെ ക്ഷേത്രോത്സവത്തിലുണ്ടായ തിക്കിലും തിരക്കിലും ആറ് പേർ മരിച്ചു. 50-ലധികം പേർക്ക് പരിക്കേറ്റു. മുഖ്യമന്ത്രി ഡോ. പ്രമോദ് സാവന്ത് പരിക്കേറ്റവരെ ആശുപത്രിയിലെത്തി സന്ദർശിച്ചു.

സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാന മന്ത്രി നരേന്ദ്ര മോദിയും അനുശോചിച്ചു. പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നതായി രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു. ദുരിതബാധിതരെ പ്രാദേശിക ഭരണകൂടം സഹായിക്കുന്നുണ്ടെന്ന് മോദി സന്ദേശത്തിൽ അറിയിച്ചു.

✪✪✪

കോൺഗ്രസ് ദേശീയ സുരക്ഷയെ ദുർബലപ്പെടുത്തുന്ന തായും പാകിസ്ഥാന് അനുകൂലമായ വാദങ്ങൾ ഉന്നയിക്കുന്നതായും BJP വക്താവ് സാംബിത് പത്ര ആരോപിച്ചു. കോൺഗ്രസിന്റെ പെരുമാറ്റം ഇന്ത്യയുടെ താൽപ്പര്യങ്ങളെക്കാൾ പാകിസ്ഥാന്റെ താൽപ്പര്യങ്ങൾക്ക് അനുസൃതമാണെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കോൺഗ്രസ് പതിവായി പാകിസ്ഥാന്റെ വാദങ്ങളെ സഹായിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

പുൽവാമ ആക്രമണത്തിന് ശേഷം പാകിസ്ഥാനിൽ സർജിക്കൽ സ്ട്രൈക്ക് നടത്തിയിട്ടില്ലെന്ന കോൺഗ്രസ് നേതാവും മുൻ പഞ്ചാബ് മുഖ്യമന്ത്രിയുമായ ചരൺജിത് സിംഗ് ചന്നിയുടെ വാദത്തെ BJP വക്താവ് രൂക്ഷമായി വിമർശിച്ചു.

രാജ്യത്തിന്റെ സായുധ സേനയുടെ മനോവീര്യം താഴ്ത്തിക്കെട്ടാൻ കോൺഗ്രസിന് അവകാശമില്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ചാർ ധാം യാത്രയുടെ ഭാഗമായി  ഡെറാഡൂണിൽ നിന്ന് കേദാർനാഥിലേക്കും ബദരീനാഥിലേക്കും ഹെലികോപ്ടർ സർവീസ് ആരംഭിച്ചു. ജോളി ഗ്രാന്റ് എയർപോർട്ടിൽ നിന്ന് ചോപ്പർ സർവീസ് ആരംഭിച്ചതോടെ ഉത്തരാഖണ്ഡിലെ പ്രശസ്തമായ തീർത്ഥയാത്ര കൂടുതൽ സുഗമമായി. യമുനോത്രി, ഗംഗോത്രി, കേദാർനാഥ്, ബദരീനാഥ് ക്ഷേത്രങ്ങൾ ഉൾപ്പെട്ട തീർത്ഥാടന സർക്യൂട്ടാണ് ചാർ ധാം യാത്ര.

✪✪✪

ഇന്ന് ലോക പത്ര സ്വാതന്ത്ര്യ ദിനം. മാധ്യമ സ്വാതന്ത്ര്യത്തിനുമേൽ നിർമ്മിത ബുദ്ധിയുടെ സ്വാധീനം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

സത്യസന്ധമായ വാർത്തകൾ ജനങ്ങളിലെത്തിക്കാൻ നടത്തുന്ന സാഹസിക ശ്രമങ്ങൾക്കിടെ  മരിക്കുകയോ,  ജയിൽവാസം അനുഭവിക്കേണ്ടി വരികയോ ചെയ്യുന്ന പത്രപ്രവർത്തകർക്ക് ആദരം അർപ്പിക്കാനാണ്  ഐക്യരാഷ്ട്ര സംഘടനയുടെ നിർദ്ദേശപ്രകാരം 1993 മുതൽ എല്ലാവർഷവും മേയ് 3 ലോക പത്രസ്വാതന്ത്ര്യ ദിനമായി ആചരിക്കുന്നത്.

✪✪✪

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് - ധർമ്മടം സമഗ്ര ബീച്ച് ടൂറിസം വികസന പദ്ധതി  ഒന്നാംഘട്ടം നാളെ  മുഖ്യമന്ത്രി പിണറായി വിജയൻ  ഉദ്ഘാടനം ചെയ്യും.  79 കോടി  50  ലക്ഷം രൂപ ചെലവിലാണ് ആദ്യഘട്ടം പൂർത്തീകരിച്ചത്. നാല് ഘട്ടങ്ങളായി പൂർത്തീകരിക്കുന്ന  പദ്ധതിക്ക്  ടൂറിസം വകുപ്പ് 233 കോടി 71  ലക്ഷം രൂപയുടെ ഭരണാനുമതി  നൽകിയിട്ടുണ്ട്.

✪✪✪

കായിക വകുപ്പിന്റെ നേതൃത്വത്തിൽ  ലഹരി വിമുക്ത കാമ്പയിൻ 'കിക്ക് ഡ്രഗ്സ്' പ്രചരണ സന്ദേശ യാത്ര മറ്റന്നാൾ കാസർകോട്ട് നിന്ന് ആരംഭിക്കും. മന്ത്രി V അബ്ദുറഹിമാൻ സന്ദേശയാത്രയ്ക്ക് നേതൃത്വം നൽകും. 14 ജില്ലകളിലൂടെയും  സഞ്ചരിച്ച് ഈ മാസം 22-ന് എറണാകുളത്ത് കാമ്പയിൻ സമാപിക്കും.

✪✪✪

പുതിയ KPCC പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിൽ ഒരു ചർച്ചയും നടന്നിട്ടില്ലെന്നും പ്രസിഡന്റ് മാറേണ്ട സാഹചര്യമില്ലെന്നും  KPCC പ്രസിഡന്റ് K സുധാകരൻ പറഞ്ഞു.

പദവി മാറ്റം ഹൈക്കമാൻഡ് ഇതുവരെ സൂചിപ്പിച്ചിട്ടില്ലെന്നും ഇന്നലത്തെ ചർച്ചയിൽ സംതൃപ്തനാണെന്നും സുധാകരൻ കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

✪✪✪

കേരള എയ്ഡഡ് സ്കൂൾ നോൺ ടീച്ചിംഗ് സ്റ്റാഫ് അസോസിയേഷൻ 61-മത് സംസ്ഥന സമ്മേളനം സുൽത്താൻ ബത്തേരിയിൽ മന്ത്രി O.R കേളു ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് ശേഷം പൊതു സമ്മേളനം T സിദ്ദിഖ് MLA ഉദ്ഘാടനം ചെയ്യും. മുണ്ടക്കൈ ദുരന്തത്തിൽപെട്ട 25 കുടുംബങ്ങൾക്ക് തയ്യൽ മെഷിൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ വിതരണം ചെയ്യും.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപ്പട്ടിക മറ്റന്നാൾ പ്രസിദ്ധീകരിക്കും. ഉപതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ പൂർത്തിയായതായി ജില്ലാകളക്ടർ VR വിനോദ് മലപ്പുറത്ത് അറിയിച്ചു. മണ്ഡലത്തിൽ 59 പോളിംഗ്ബൂത്തുകൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. അവിടങ്ങളിലേക്കാവശ്യമായ വോട്ടിംഗ് യന്ത്രങ്ങളുടെയും, VV PAT മെഷീനുകളുടെയും പരിശോധന ഉടൻ പൂർത്തിയാക്കുമെന്ന് കലക്ടർ പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളൂരു M ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഗുജറാത്തിൽ ഈ മാസം 19 ന് ആരംഭിക്കുന്ന ആദ്യ വേലോ ഇന്ത്യ ബീച്ച് ഗെയിംസിൽ പങ്കെടുക്കുന്നതിന് ആൺകുട്ടികളുടെ, കേരള ബീച്ച് ഫുട്ബോൾ ടീം സെലക്ഷൻ ട്രയൽസ് ആലപ്പുഴ ബീച്ച് ഗ്രൗണ്ടിൽ ആരംഭിച്ചു. നാളെ സമാപിക്കും.

✪✪✪

പെർത്തിൽ മൂന്ന് മത്സര ഹോക്കി പരമ്പരയിലെ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ഓസ്‌ട്രേലിയയെ നേരിടും. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3.10- നാണ് മത്സരം.

✪✪✪

സംസ്ഥാന ജേർണലിസ്റ്റ് വോളിയിൽ ആദ്യ മത്സരത്തിൽ കണ്ണൂർ പ്രസ് ക്ലബ് ടീം വിജയിച്ചു. തുടർച്ചയായി നാല് സെറ്റിലും 25 പോയന്റുകൾ കരസ്ഥമാക്കിയാണ് മലപ്പുറം പ്രസ് ക്ലബ് ടീമിനെതിരെ കണ്ണൂരിന്റെ ജയം.

ഉച്ചയ്ക്ക് കോഴിക്കോട് പ്രസ് ക്ലബും കണ്ണൂർ പ്രസ് ക്ലബും ഏറ്റുമുട്ടും.

✪✪✪

കണ്ണൂർ - കാസർഗോഡ് ദേശീയ പാതയിലെ പുതിയതെരുവിൽ നടപ്പാക്കിയ ഗതാഗത പരിഷ്കരണം തുടരാൻ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗം തീരുമാനിച്ചു. ഗതാഗത പരിഷ്കരണത്തെ തുടർന്ന് പുതിയതെരു ഗ്രീൻ സോണിൽ തുടരുകയാണെന്ന് RTO അറിയിച്ചു.

✪✪✪

BJP സംഘടിപ്പിക്കുന്ന "വികസിത കേരളം" എറണാകുളം ജില്ലാ കൺവെൻഷൻ വൈകിട്ട് പൂണിത്തുറയിൽ പാർട്ടി സംസ്ഥാന പ്രസിഡൻറ് രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തിന്റെ സമഗ്ര വികസനം കൂടാതെ കൊച്ചി നഗരത്തിന്റെ വികസനവും കൺവെൻഷനിൽ ചർച്ചയാകും.

✪✪✪

ശിശുരോഗ വിദഗ്ധരുടെ സംസ്ഥാന സമ്മേളനം വയനാട് കൽപറ്റയിൽ തുടങ്ങി. സമ്മേളനത്തോടനുബന്ധിച്ച ചടങ്ങിൽ മുണ്ടക്കൈ ഗവണ്മെന്റ് LP സ്കൂളിന് അഞ്ച് ലക്ഷം രൂപയുടെ ധനസഹായം വിതരണം ചെയ്യും. സമ്മേളനം നാളെ സമാപിക്കും.

✪✪✪

തിരുവനന്തപുരത്ത് വാക്സിൻ എടുത്തിട്ടും പേ വിഷബാധയേറ്റ കുട്ടിയുടെ ആരോഗ്യനില ഗുരുതരമായി തുടരുന്നു. സാധ്യമായതെല്ലാം ചെയ്യുന്നുണ്ടെന്ന് SAT ആശുപത്രി സൂപ്രണ്ട് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,000 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിന്റെ ലേലം ചൊവ്വാഴ്ച റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടത്തും.

✪✪✪

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ ഈ അധ്യയന വർഷം MBA, MCA പ്രോഗ്രാമുകൾ തുടങ്ങാൻ UGC അനുമതി നൽകി. ഇതോടെ സർവകലാശാലയിൽ UGC അംഗീകൃതമായ കോഴ്സുകളുടെ എണ്ണം 31 ആയി.

✪✪✪

*News Editor: ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News Team: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*